KNANAYA EXPRESS

KNANAYA CATHOLIC SOCIETY OF CHICAGO

VOL. 37 ISSUE 4
2021 OCTOBER

'Rebuild KCS by uplifting our next generation, to preserve our heritage, culture and unity'

www.kcschicago.com Email: chicagokcs@gmail.com

1800 E Oakton St, Des Plaines IL 60018.

യുവജനസാഗരമായി മാറിയ നാഷണൽ സ്പോർട്സ് ടൂർണ്ണമെന്റ്

ഒരു പതിറ്റാണ്ടിലേറെ നീണ്ട ഇടവേളയ്ക്കുശേഷം രണ്ടാം വട്ടവും ഒരു നാഷണൽ സ്പോർട്സ് ടൂർണ്ണമെന്റിന് ഇക്കഴിഞ്ഞ ലേബർ ഡേ വീക്കെൻഡിൽ ചിക്കാഗോ വേദിയായി. വിവിധ നഗരങ്ങളെ പ്രതിനിധീകരിച്ച് ബാസ്ക്കറ്റ് ബോളിൽ 10 ടീമുകളും വോളിബോളിൽ 7 ടീമുകളും പങ്കെടുക്കുവാൻ വിമാനമിറങ്ങിയപ്പോൾ അക്ഷരാർത്ഥത്തിൽ ക്നാനായ യുവജന സംഗമത്തിന് കൂടി വേദിയായി ഷാംബർഗ് സ്പോർട്സ് സെന്റർ മാറി. 4 കോർട്ടുകളിലായി ഒരേസമയം ആദ്യറൗണ്ട് മത്സരങ്ങൾ

(ശേഷം പേജ് 8 ൽ)

ഗൃഹാതുരത്വം ഉണർത്തി കെ.സി.എസ്. ഓണാഘോഷങ്ങൾ

കെ.സി.എസ്. ചിക്കാഗോയുടെ ഓണാഘോഷങ്ങൾ ഓഗസ്റ്റ് 29-ാം തീയതി ക്നാനായ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. വിഭവസമൃദ്ധമായസദ്യയും, നാടൻ പൂക്കളാൽ തീർത്ത ഗംഭീര പൂക്കളവും, ഏഴ് ലക്ഷണങ്ങളും ഒത്ത മഹാബലിയും എല്ലാം ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടിയപ്പോൾ ഏവരെയും ഓർമ്മകളിലേക്ക് കൈപിടിച്ച് കൊണ്ടുപോയത് ഒരുപറ്റം അനുഗ്രഹീത കലാകാരന്മാരിയിരുന്നു. വിമൻസ് ഫോറം അവതരിപ്പിച്ച തിരുവാതിര സ്റ്റേജും മനസ്സും കീഴടക്കി. കെ.സി.വൈ.എൽ.

(ശേഷം പേജ് 8 ൽ)

ക്നാനായ സെന്റർ നവീകരണം പുരോഗമിക്കുന്നു

യൂട്ടിലിറ്റി ചാർജ്ജുകൾ ഉൾപ്പെടെ സാധാരണയായി ഒരുമാസം ഡസ്പ്ലൈൻസ് കമ്മ്യൂണിറ്റി സെന്ററിന്റെ നടത്തിപ്പിന് ശരാശരി നാലായിരത്തിലധികം ഡോളർ ചെലവാകുന്നുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതായത് ഒരുവർഷം ഏതാണ്ട് 50,000 ഡോളർ ഈ ഇനത്തിൽ മാത്രം ചെലവുണ്ടാകുന്നു. പൂട്ടിക്കിടക്കുന്ന എൽസ്റ്റൺ കമ്മ്യൂണിറ്റി സെന്ററിൽ ഉൾപ്പെടെ അടിക്കടി ഉണ്ടാകുന്ന മെയിന്റനൻസ് ചെലവുകളും സംഘടനാ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചെലവുകളും ഇതിന് പുറമെ. ഈ തുകയത്രയും അംഗങ്ങളിൽ നിന്നും വർഷാവർഷം സംഭാവനയായി പിരിച്ചെടുക്കുക എന്നത് പ്രായോഗികമല്ല എന്നതിലുപരി സ്ഥിരമായി സഹായം നൽകുന്നവരെ എക്കാലവും ചൂഷണം ചെയ്തുള്ള നിലനിൽപ്പ് ശാശ്വതവും ആകില്ല. ഇതിന് ഒരേയൊരു പരിഹാരം ചിലവുകൾക്കാവശ്യമായ വരുമാനം നമ്മുടെ അസറ്റുകൾ ഉപയോഗിച്ച് കണ്ടെത്തുക എന്നതാണ്. സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യപടി എന്ന നിലയ്ക്ക് ഡസ്പ്ലൈൻസ് ക്നാനായ സെന്ററിലെ മൂന്നു ഹാളുകളും വാടകയ്ക്ക് നൽകുവാൻ കഴിയും വിധം ടൈലുകൾ ഇട്ടും, മറ്റ് സൗകര്യങ്ങൾ ഒരുക്കിയും നവീകരിക്കുന്ന പ്രവർത്തനങ്ങൾ ജൂൺ മാസം മുതൽ നടന്നുവരികയാണ്. ഡിസംബറിനുള്ളിൽ പൂർത്തിയാക്കാനാകും എന്ന് കരുതുന്നു. നമ്മുടെ ഈ തീരുമാനത്തെ ശരിവയ്ക്കുംവണ്ണം ഈ സമ്മറിൽ വിരലിൽ എണ്ണാവുന്ന ദിനങ്ങൾ ഒഴിച്ച് വീക്കെന്റുകൾ എല്ലാം തന്നെ വിവിധ കമ്മ്യൂണിറ്റികളിൽ നിന്നുമുള്ള ആളുകളുടെ പാർട്ടികൾക്ക് ക്നാനായ സെന്റർ വേദിയായി. ഈ കോവിഡ് കാലത്ത് ഇതി

(ശേഷം പേജ് 7 ൽ)

ഡി.കെ.സി.സി.യും അനവസരത്തിലെ വിവാദങ്ങളും

ക്നാനായ സമുദായത്തിന്റെ ഇന്നത്തെ അവസ്ഥ കാണുമ്പോൾ 'റോമാ സാമ്രാജ്യം കത്തിയെരിയുമ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുകയായിരുന്നു' എന്ന ചൊല്ല് ആർക്കെങ്കിലും ഓർമ്മവന്നാൽ തെറ്റ് പറയാൻ പറ്റില്ല. കോട്ടയം അതിരൂപതയിൽ അംഗങ്ങളായിട്ടുള്ളവർ സമുദായത്തിന് പുറത്തുനിന്നും വിവാഹം ചെയ്താൽ അവർ സ്വമേധയാ രൂപതവിട്ട് പോകണം എന്ന് കാലാകാലങ്ങളായി നാം പാലിച്ചുപോരുന്ന പാരമ്പര്യം നിർത്തലാക്കണമെന്ന് കോട്ടയം സബ് കോടതിയുടെ ഉത്തരവ് നാം ഞെട്ടലോടെ കേട്ടത് 2021 ഏപ്രിൽ 4 നാണ്. ഈ വിധിക്ക് ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ സ്റ്റേ വാങ്ങിച്ചെടുക്കുവാൻ രൂപതാ നേതൃത്വത്തിന് സാധിച്ചപ്പോൾ ഏവരും ആശ്വസിച്ചു. എന്നാൽ കേസിൽ വാദികളായ ന(ശീ)വീകരണ സമിതി കേരളാ ഹൈക്കോടതിയെ സമീപിക്കുകയും സെപ്റ്റംബർ 10 ന് മേൽപ്പറഞ്ഞ സ്റ്റേ റദ്ദാക്കിക്കൊണ്ടുള്ള ഉത്തവ് നേടിയെടുക്കുകയും ചെയ്തിരുന്നു. നവീകരണ സമിതിയെ വിലകുറച്ചുകണ്ടതുകൊണ്ട് ഉണ്ടായ പിഴവ് മാത്രമാണ് സബ് കോടതിയിൽ നമുക്ക് സംഭവിച്ചതെന്ന് കരുതി ആശ്വസിച്ചിരിക്കുമ്പോഴാണ് ഇടിത്തീപോലെ ഹൈക്കോടതിയുടെ ഉത്തരവ് വരുന്നത്.

നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന ഒരു വംശത്തിന്റെ തായ്വേര് അറ്റ്, ഇനി എന്ത് ചെയ്യും എന്ന് വ്യക്തമായ ധാരണ ഇല്ലാതെ നിൽക്കുന്ന സമയത്തും പക്ഷേ പ്രവാസി ക്നാനായ ലോകത്ത് ചൂടേറിയ വാദപ്രതിവാദങ്ങൾ നടക്കുന്നത് മറ്റൊരു വിഷത്തിന്മേലാണ്- ഡയാസ്പറ ക്നാനായ കാത്തോലിക്ക കോൺഗ്രസ് (ഡി.കെ.സി.സി.) ലോകമെമ്പാടുമുള്ള ക്നാനായ സംഘടനകളെ ഏകോപിപ്പിക്കുവാനായി 2011 ൽ ആരംഭിച്ച പ്രസ്ഥാനം. 50 രാജ്യങ്ങളിൽ അധികമായി ചിതറിക്കിടക്കുന്ന ക്നാനായ സമൂഹത്തെ ഒരുമിച്ചുകൊണ്ടുവരാൻ ഇത്തരം ഒരു സംരംഭം അത്യന്താപേക്ഷിതം തന്നെ. എന്നാൽ കാലാകാലങ്ങളിൽ ഈ സംഘടനയുടെ നേതൃത്വത്തിൽ ഇരുന്നവരും അതിരൂപതാ നേതൃത്വവുമായി ഉണ്ടായിരുന്ന പൊരുത്തക്കേടുകൾ വളർന്ന് 2021 ലെ ഡി.കെ.സി.സി. നേതൃ തെരഞ്ഞെടുപ്പ് രൂപത മരവിപ്പിക്കുന്ന തലത്തിലേക്ക് എത്തിയിരിക്കുന്നു. ഈ തർക്കം നിർഭാഗ്യവശാൽ കോടതിയിലേക്കും വലിച്ചിഴയ്ക്കപ്പെട്ടു.

കെ.സി.സി.എൻ.എ.യുടെ 9 ഡി.കെ.സി.സി. ഡെലിഗേറ്റുകളിൽ ഒന്ന് ചിക്കാഗോയിൽ നിന്നാകയാൽ നമ്മളെയും നേരിട്ട് ബാധിക്കുന്ന വിഷയം ആയതിനാലാണ് കെ.സി.എസ്. നയം വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നത്. സ്വന്തമായി സ്ഥാപനങ്ങളും അനുദിന പ്രവർത്തനങ്ങളുമായി ജനങ്ങൾക്കിടയിൽ സജീവമായി ലോകത്തിന്റെ വിവിധ കോണുകളിൽ പ്രവർത്തിക്കുന്ന ചിക്കാഗോ കെ.സി.എസ്.പോലുള്ള ക്നായ സംഘടനകളുമായി താരതമ്യം ചെയ്യുമ്പോൾ ഒരു 'വെർച്വൽ സംഘടന' മാത്രമായ ഡി.കെ.സി.സി. യുടെ പ്രശ്നങ്ങൾ ഇന്ന് സാധാരണ ക്നാനായക്കാർക്കിടയിലും അസ്വാരസ്യങ്ങൾക്കും വിഘടിപ്പിനും കാരണമാവുകയാണ്.

സമീപകാല സംഭവവികാസങ്ങളെ ശ്രദ്ധിച്ചാൽ 2021 മാർച്ച് 27 നാണ്

(ശേഷം പേജ് 3 ൽ)

എഡിറ്റോറിയൽ

പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സമുദായത്തെ നെഞ്ചോട് ചേർത്ത് നിർത്താം

പ്രിയ ക്നാനായ സഹോദരങ്ങളെ,

നമുക്കറിയാം കോട്ടയം രൂപതയ്ക്കെതിരായ കോടതിവിധിയും, അപ്പീൽ നടപടികളും, തുടർനടപടികളും എല്ലാം. നമ്മുടെ സമുദായം മുമ്പെങ്ങുമില്ലാത്ത വെല്ലുവിളികളിലൂടെ കടന്നുപോകുകയാണ്. 17 നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ക്നാനായ സമുദായം പലപ്പോഴായി പല പല പ്രതിസന്ധികളെ അതിജീവിച്ച് ഇന്നും ഈ സമുദായം നിലനിൽക്കുന്നു. ഇനിയും ലോകാവസാനം വരെ ഈ സമുദായത്തിന്റെ വ്യതിരക്തതയിലും പാരമ്പര്യങ്ങളിലും മുറുകെ പിടിച്ചുകൊണ്ട് നമുക്ക് നിലനിൽക്കണം. അതിന് സഭാനേതൃത്വത്തിന്റെയും, ആത്മായ നേതൃത്വത്തിന്റെയും കൂട്ടായ പരിശ്രമങ്ങളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. സഭാനേതൃത്വവും സമുദായ സംഘടനകളും പരസ്പരം ബഹുമാനിച്ച് ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ തീർച്ചയായും സമുദായം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ നമുക്ക് ഫലപ്രദമായി നേരിടുവാൻ സാധിക്കും. സഭാനേതൃത്വം അല്മായരുടെ ന്യായമായ അവകാശങ്ങൾ കേൾക്കുവാനുള്ള മനസ്സുണ്ടാകുകയും, അവരുടെ നേതാക്കന്മാരെ വിളിച്ച് ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് സംസാരിച്ച് ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ തീരാവുന്ന പ്രശ്നങ്ങളെ ഇന്ന് ക്നാനായ സമുദായത്തിനുള്ളൂ. ചിക്കാഗോ കെ.സി.എസ്. എന്നും നിങ്ങളോടൊപ്പം സമുദായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ മുൻപന്തിയിലുണ്ടാകുമെന്ന് ഞാൻ ഉറപ്പുതരുന്നു.

ചിക്കാഗോ കെ.സി.എസ്. കഴിഞ്ഞ എട്ടുമാസംകൊണ്ട് അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കമ്മ്യൂണിറ്റി സെന്ററിൽ ഏകദേശം 50,000 ഡോളറിന്റെ വർക്കുകൾ പൂർത്തിയാക്കിക്കഴിഞ്ഞു. ഇത്തരുണത്തിൽ ഇതുമായി സഹകരിച്ച എല്ലാ നല്ലവരായ സ്പോൺസേഴ്സിനെയും നന്ദിയോടെ സ്മരിക്കുന്നു. ഇനിയും കൂടുതൽ സ്പോൺസേഴ്സ് കടന്നുവരികയാണെങ്കിൽ നമുക്ക് നമ്മുടെ കമ്മ്യൂണിറ്റി സെന്ററിനെ സ്വർഗ്ഗതുല്യമാക്കാം.

വളരെയധികം പ്രോഗ്രാമുകളുമായി ചിക്കാഗോ കെ.സി.എസ്. ശക്തമായി മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. പിക്നിക്കും, ഓണവും മറ്റ് നിരവധി പരിപാടികളും വളരെ ഭംഗിയായി നടത്തിക്കഴിഞ്ഞു. നമ്മുടെ ഇടയിലുള്ള പ്രായമായ ആൾക്കാർക്കുവേണ്ടി മലയാളം ചാനലുകൾ, ടേബിൾ ടെന്നീസ് സൗകര്യങ്ങൾ എല്ലാം ഒരുക്കിക്കഴിഞ്ഞു. ഇനി നിങ്ങൾ വന്ന് ആസ്വദിച്ചാൽ മാത്രം മതി. ക്നാനായ സെന്ററിന്റെ അകത്തും പുറത്തുമായി നിരവധി വർക്കുകൾ നടത്തിക്കഴിഞ്ഞു. ഇപ്പോൾ വളരെയധികം ആളുകൾ ക്നാനായ സെന്ററിലേക്ക് വരികയും വളരെ പ്രയോജനകരമായ രീതിയിൽ എല്ലാ സൗകര്യങ്ങളും ഉപയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇനിയും ഒത്തിരി നല്ല കാര്യങ്ങൾ നിങ്ങൾക്ക് ഞങ്ങളിൽനിന്നും പ്രതീക്ഷിക്കാം. നിങ്ങളുടെ ഓരോരുത്തരുടെയും അകമഴിഞ്ഞ സഹകരണങ്ങളും, പ്രോത്സാഹനങ്ങളും ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ടും, ദൈവം നിങ്ങളെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും...

നിങ്ങളുടെ പ്രസിഡന്റ്
തോമസ് പൂതക്കരി

Patron: **Arch Bishop Mar Mathew Moolakatt**

Spiritual Director: **Rev Fr. Abraham Mutholath**

EXECUTIVE COMMITTEE

President:
THOMAS POOTHAKARY
708-969-1544
Vice president
JOSE ANAMALA
773-849-3573
Secretary
LINSON KAITHAMALA
847-338-0965
Joint Secretary
ALBIN AIKAROTH
872-305-9140
Treasurer
SHIBU MULAYANIKUNNEL
630-849-1253

NATIONAL COUNCIL MEMBERS
Anitha Panayapparambil
Benny Vachachira
Cyriac Koovakattil
Jairose Pathiyil
Jose Oliyanickal
Justin Thenganattu
Shawn Mullappallil

LEGISLATIVE BOARD
Chairman: Jimmy Mukalel
Vice Chairman: Sunny Mookettu

FINANCE COMMITTEE
Sabu Mutholam (Chairman)
Sabu Tharathattel (Vice Chariman),
Kevin Vadakkedath

OUTDOOR COMMITTEE:
Job Makil (Chairman),
Mathew Vattakalam
Albin Pulikunnel,
lukose Klakeel

NEWS LETTER COMMITTEE:
Binoy Kizhakkanady (Chairman)
Sajan Illikunnumpurath

INFORMATION TECHNOLOGY
Manoj Vanchiyil (Chair)

ENTERTAINMENT COMMITTEE
Annjose Ottakunnel (Chairman)
Ronald Pookumbel,
Taju Kandarappallil

SPORTS FORUM
Jojo Edayadiyil (Chairman)
Joe Puthuserril
Ajomon Poothurayil

MEMBERSHIP COMMITTEE
Cyril Myalil (Chairman)
Jomy Edayadiyil
Joby Thekkunilkunnathil

TOUR COMMITTEE
Sibu Kulangara (Chairman)
James Thadathil
Biju Karikulam

LIAISON BOARD
Sabu Kattapuram (Chairman)
George Vennalasseril (Vice Chairman)
Lukose Poozhikunnel
Maju Ottapally
Simon Muttathil

BUILDING BOARD
George Chakkalathottiyil
Dr. Josh Nediyakalayil

AUDITOR
Kurian Thottichira CPA

യൂത്ത് ഫെസ്റ്റിവൽ ഒക്ടോബർ 16 ന്

നമ്മുടെ യുവജനങ്ങൾക്കായുള്ള കലാമത്സരങ്ങൾ ഒക്ടോബർ 16-ാം തീയതി ഡസ്പ്ലെയ്ൻസ് ക്നാനായ സെന്ററിൽവെച്ച് നടക്കും. പ്രീ സ്കൂൾ മുതൽ ഹൈസ്കൂൾ വരെയുള്ള കുട്ടികൾക്കായി നൃത്യനൃത്തേതര വിഭാഗങ്ങളിലായി 27 മത്സരങ്ങളാണ് ഒരുക്കിയിരിക്കുന്നത്. രജിസ്ട്രേഷൻ ഫോം നമ്മുടെ വെബ്സൈറ്റിൽ ലഭ്യമാണ്. http://www.kcschicago.com/youthfestival2021.html കൂടുതൽ വിവരങ്ങൾക്ക് ആൻജോസ് ഒറ്റക്കുന്നേൽ ചെയർമാൻ ആയിട്ടുള്ള എന്റർടൈൻമെന്റ് കമ്മറ്റിയുമായോ, എക്സിക്യൂട്ടീവുമായോ ബന്ധപ്പെടുക. പുഞ്ചിരി മത്സരം, സ്പെല്ലിംഗ് ബീ, ഡ്രോയിംഗ്, കളറിംഗ് എന്നിവയൊഴിച്ചുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ഒക്ടോബർ 10-ാം തീയതിക്കകം രജിസ്റ്റർ ചെയ്തിരിക്കണം. ക്നാനായ സെന്ററിൽ നിരവധി സ്റ്റേജുകൾ ഉള്ളതിനാൽ, തിരക്കുണ്ടാകാത്തവിധം പരിപാടികൾ ക്രമീകരിക്കാം എന്നാണ് കരുതുന്നത്. മത്സരങ്ങളുടെ ഷെഡ്യൂൾ നോക്കി സമയത്തുമാത്രം വേദിയിൽ എത്താനും, കുട്ടികൾ മാസ്ക് ധരിക്കുന്നു എന്നുറപ്പ് വരുത്തുവാനും മാതാപിതാക്കൾ ശ്രദ്ധിക്കുക.

സജീവ പ്രവർത്തനങ്ങളുമായി വിമൻസ് ഫോറം

'എ മദേഴ്സ് റോൾ ഇൻ പർപസ്ഫുൾ പേരെന്റിങ്' എന്ന വിഷയത്തിൽ ഫോറം സംഘടിപ്പിച്ച സെമിനാർ ശ്രദ്ധേയമായി. അജിമോൾ ലൂക്കോസ് പുത്തൻപുരയിൽ വിഷയം അവതരിപ്പിച്ചു സംസാരിച്ചു. ഒക്ടോബർ 29 മുതൽ 31 വരെ സൗത്ത് കരോലീനയിൽ വച്ച് നടക്കുന്ന നാഷണൽ വിമൻസ് ഫോറം സമ്മിറ്റിന്റെ ചിക്കാഗോ കിക്ക് ഓഫ്, ഓണാഘോഷ വേദിയിൽ വച്ച് കെ സി എസ് പ്രസിഡന്റ് തോമസ് പൂതക്കരി നിർവഹിച്ചു. ഇതിനോടകം തന്നെയ് അൻപതിലധികം വനിതകൾ സമ്മിറ്റിന് ചിക്കാഗോയിൽനിന്നും രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

ടേബിൾ ടെന്നീസ് ടൂർണമെന്റ് തർപ്പൻ വിജയം

പ്രഥമ ടേബിൾ ടെന്നീസ് ടൂർണമെന്റ് കായിക താരങ്ങളുടെ പങ്കാളിത്തം കൊണ്ടും, മികച്ച കളികൾ കൊണ്ടും ഒരു തകർപ്പൻ വിജയമായി. സീനിയർ വിഭാഗത്തിൽ ജുബിൻ വെട്ടിക്കാട്ട് ചാമ്പ്യൻ ആയപ്പോൾ ജോർജ് നെല്ലാമറ്റം റണ്ണർ അപ്പ് ആയി. ജൂനിയർ വിഭാഗത്തിൽ ജെസ്ലിൻ വെട്ടിക്കാട്ട് ഒന്നാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ ജെറമി മഠത്തിൽ രണ്ടാം സ്ഥാനത്തിന് അർഹനായി. ഡബിൾസ് വിഭാഗത്തിൽ സിറിയക്ക് കുവക്കാട്ടിൽ ജോർജ് നെല്ലാമറ്റം സഘ്യം, ജെയിംസ് വെട്ടിക്കാട്ട് ജുബിൻ വെട്ടിക്കാട്ട് സഘ്യത്തെ രണ്ടാം സ്ഥാനത്ത് ആക്കികൊണ്ടു ചാമ്പ്യന്മാരായി. ക്നാനായ സെന്ററിൽ ഇൻഡോർ ഗേമുകളും ടേബിൾ ഗേമുകളും സജീവമാക്കുക എന്ന ലക്ഷ്യത്തോടെ പുതുതായി രണ്ടു ടേബിൾ ടെന്നീസ് ബോർഡുകൾ വാങ്ങുകയും, താൽപ്പര്യമുള്ളവർ കളിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഏവർക്കും സ്വാഗതം.

LIAISON BOARD MEMBERS 2021-23

Polson Kulangara
(Chairman elect)

Mathew Idiyalil
(Vice Chairman elect)

Joy Peters Indikuzhy

Biju Vakkel

Jwoyal Elackattu

LEGISLATIVE BOARD MEMBERS 2021-24

James
Idiyalil
(Ward 1)

Teena
Neduvampuzha
(Ward 2)

Chacko
Paicattu
(Ward 3)

Sachin
Urumbil
(Ward 4)

Jeslin
Plathanathu
(Ward 5)

James
Naduveettil
(Ward 6)

Manju
Kollappallil
(Ward 7)

Albin
Poothurayil
(Ward 8)

From The Secretary's Desk

സ്പെഷ്യൽ കമ്മ്യൂണിറ്റിക്ക് ഒരു വെരി സ്പെഷ്യൽ എഡിഷൻ ന്യൂസ് ലെറ്റർ

സാധാരണയായി നമ്മുടെ വാർത്തകൾ ഉൾക്കൊള്ളിച്ചു 8 X 10 സൈസിൽ 12 പേജുള്ള ന്യൂസ് ലെറ്റർ ആണ് കെ സി എസ് പുറത്തിറക്കാറുള്ളത് വാർത്തകളുടെ എണ്ണം കൂടുകയും, ചിക്കാഗോയിൽ പുതുതായി രൂപം കൊണ്ട കുടുംബങ്ങളെ അഥവാ നവ ദമ്പതികളെ ന്യൂസ്‌ലേറ്റർ വഴി പരിചയപ്പെടുത്തണം എന്ന ആഗ്രഹം കൂടായപ്പോൾ ജന്മമെടുത്തതാണ് ചരിത്രത്തിൽ ആദ്യമായി ടാബ്ലോയ്ഡ് വലിപ്പത്തിൽ ഒരു സ്പെഷ്യൽ ന്യൂസ് ലെറ്റർ. നമ്മുടെ പ്രവർത്തനങ്ങൾ വളരെ സുതാര്യമായിരിക്കണം എന്നും, കൃത്യമായി ചരിത്രത്തിൽ രേഖപ്പെടുത്തിക്കൊണ്ടും സൊസൈറ്റി അംഗങ്ങളെ സമയത്തുതന്നെ അറിയിച്ചുകൊണ്ട് മുന്നോട്ടുപോകണം എന്ന് നിർബന്ധമുള്ളതുകൊണ്ട് തന്നെ 'ക്നാനായ എക്സ്പ്രസ്' മുടങ്ങാതെ പുറത്തിറക്കാൻ ഈ എക്സിക്യൂട്ടീവ് പരിശ്രമിച്ചിട്ടുണ്ട്. ഇതിന്റെ ചിലവുകൾക്കാവശ്യമായ പണം നൽകി നമ്മോടു സഹകരിക്കുന്ന എല്ലാ സ്പോൺസർമാർക്കും ഹൃദയം നിറഞ്ഞ നന്ദി. 50 കളിൽ ഒന്നോ രണ്ടോ ആളുകളിൽ നിന്നും തുടങ്ങിയ ചിക്കാഗോ ക്നാനായ സമൂഹം 70 വർഷങ്ങൾക്കിപ്പുറം എത്രയോ വളർന്നിരിക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഈ പത്രത്താളുകളിൽ. 24 നവദമ്പതികളെയാണ് ഈ ലക്കം പരിചയപ്പെടുത്തുന്നത്. ഇനിയും ഒരുപിടി ആളുകളെ വിട്ടു പോയിട്ടുണ്ട്, അവരെ അടുത്ത ലക്കത്തിൽ ഉൾക്കൊള്ളിക്കാം എന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും ജീവിത വിജയങ്ങളും ദൈവാനുഗ്രഹവും എക്സികുട്ടീവിന്റെ പേരിൽ ആശംസിക്കുന്നു.

ഏറെ സജീവമായ ഒരു സമ്മറാണ് കടന്നു പോകുന്നത്. ക്നാനായ സമുദായവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സുതാര്യവും ശ്കതവുമായ നിലപാടുകൾ സംഘടന എടുക്കുന്നത് ഈ അടുത്ത നാളുകളിൽ നാം കണ്ടു. ഏറ്റവും സന്തോഷകരമായ കാര്യം, സദാസമയവും ആളും അനക്കവുമുള്ള ഒരു തറവാടായി നമ്മുടെ ക്നാനായ സെന്റർ ഇതിനകം തന്നെ മാറിക്കഴിഞ്ഞു എന്നുള്ളതാണ്. കെ സി എസിന്റെയും പോഷക സംഘടനകളുടെയും പരിപാടികൾക്ക് പുറമേ, 56 ഇന്റർനാഷണൽ ചീട്ടുകളി മത്സരം, ലാനാ നാഷണൽ കൺവെൻഷൻ തുടങ്ങി വിപുലമായ പരിപാടികളും ഇക്കാലയളവിൽ നടന്നു. ശിങ്കാരി സ്കൂൾ ഓഫ് റിഥവും, ചിക്കാഗോ ചെണ്ട ക്ലബ്ബും ഞായറാഴ്ചകളിൽ ഇപ്പോൾ ആളുകൾക്ക് വലിയ തോതിൽ ഉള്ള പരിശീലനം നൽകി വരുന്നു. രണ്ടാം നിലയിലെ തറയിൽ ബ്ലോക്കിൽ പ്രോജെക്ടറും, സ്ക്രീനും, ടി വിയും സഹിതം മലയാളം ചാനലുകളും സ്പോർട്സ് ചാനലുകളും ഉൾപ്പെടെ കാണുന്നതിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ടേബിൾ ടെന്നീസ് കളിക്കുന്നതിനുള്ള സൗകര്യവും ഇതോടനുബന്ധിച്ചു ഒരുക്കിയിരിക്കുന്നു. വൻ വിജയമായി തീർന്ന നാഷണൽ സ്പോർട്സ് ടൂർണമെന്റിന് വേദിയായി ചിക്കഗോയെ തിരഞ്ഞെടുത്ത കെ.സി.സി.എൻ.എ. എക്സിക്യൂട്ടീവിനോടുള്ള നന്ദി ഈയവസരത്തിൽ അറിയിക്കുന്നു. മറ്റു സ്റ്റേറ്റുകളിൽ നിന്നും വന്നവരുടെയത്രയും അഭിനന്ദനങ്ങൾ നേടും വിധത്തിൽ നന്നായി ടൂർണ്ണമെന്റ് പൂർത്തിയാക്കാൻ കഴിഞ്ഞു എന്ന് നമുക്ക് അഭിമാനിക്കാം.

കമ്മ്യൂണിറ്റി സെന്ററിന്റെ റീമോഡലിംഗും അതിന്റെ അവസാന ഘട്ടത്തിലേക്ക് കടക്കുകയാണ്. നമുക്ക് നമ്മുടേത് എന്ന് അഭിമാനത്തോട് കൂടെ ചൂണ്ടിക്കാണിക്കുവാനും, മറ്റു കമ്മ്യൂണിറ്റികൾക്കും വേദിയാക്കുവാനും കഴിയുന്ന രീതിൽ ചില അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും മോഡി പിടിപ്പിക്കുകയുമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത്രത്തോളം നമ്മെ വളർത്താൻ ചോരയും നീരും നൽകിയ മുൻകാല നേതാക്കളെയും, അന്നും ഇന്നും മനസ്സറിഞ്ഞു സഹായിക്കുന്ന നല്ലവരായ ആളുകളെയും ഈ അവസരത്തിൽ സ്നേഹപൂർവ്വം സ്മരിക്കുന്നു.

ഏറ്റവും പ്രതീക്ഷയോടെ നോക്കിക്കാണുന്ന വിഷയം ഒരു പക്ഷെ സാധ്യമായേക്കാവുന്ന ചിക്കാഗോയിലെ പഴയ കമ്മ്യൂണിറ്റി സെന്ററിന്റെ വിൽപ്പനയാണ്. കടമ്പകൾ കടന്നു അത് സാധ്യമായാൽ കമ്മ്യൂണിറ്റിക്ക് ഏറ്റവും അനുയോജ്യമായ എന്തെങ്കിലും ഒരു സംരംഭം ആരംഭിക്കുവാൻ ആവശ്യമായ ഫണ്ട് നമ്മുടെ കൈയിൽവന്ന് ചേരും. കഴിഞ്ഞ കാലങ്ങളിലേതുപോലെ തന്നെ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുവാനും നടപ്പിലാക്കുവാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടേ.

യൂത്ത് ഫെസ്റ്റിവൽ, ക്നാനായ നൈറ്റ്, ക്രിസ്മസ് ആഘോഷങ്ങൾ, 2022 വാലെന്റൈന്സ് ഡേ തുടങ്ങി നിരവധി പരിപാടികളാണ് വരും നാളുകളിൽ വരുവാനിരിക്കുന്നത്. നാളിതുവരെ നിങ്ങൾ നൽകിയ സഹായ സഹകരണങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു കൊണ്ട് ഈ ന്യൂസ് ലെറ്റർ നിങ്ങൾക്ക് സമർപ്പിക്കുന്നു.

ലിൻസൺ കൈതമല
കെ.സി.എസ്. സെക്രട്ടറി

ഡി.കെ.സി.സി.യും അനവസരത്തിലെ വിവാദങ്ങളും

(ഒന്നാം പേജിൽനിന്നും തുടർച്ച)

ഇപ്പോഴത്തെ കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ താമ്പായിൽ നിലവിൽ വരുന്നത്. അന്ന് തന്നെ ഡി.കെ.സി.സി.യിലേക്കുള്ള 9 പ്രതിനിധികളെയും തെരഞ്ഞെടുത്തു. ജൂലൈ മാസത്തിൽ ചിക്കാഗോയിൽ നിന്നുള്ള പ്രതിനിധി ബെന്നി വാച്ചാച്ചിറ ഡി.കെ.സി.സി. ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. അധികം വൈകാതെ തന്നെ ഈ തെരഞ്ഞെടുപ്പ് മരവിപ്പിച്ചതായി കാണിച്ചുകൊണ്ട് കോട്ടയം അതിരൂപതയുടെ അറിയിപ്പ് വന്നു. 2011 ലെ ഡി.കെ.സി.സി. ഭരണഘടനയാണ് ഔദ്യോഗികം എന്നും എന്നാൽ അതിനനുസരണമായല്ല ഈ തെരഞ്ഞെടുപ്പ് നടന്നതും എന്നാണ് ഔദ്യോഗിക വിശദീകരണം. ഓഗസ്റ്റ് 15 ന് അതിരൂപതാ അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടുള്ളതും ഈയടുത്ത നാളുകളിൽ പരിഷ്കരിച്ചതുമായ സംഘടനയുടെ ഭരണഘടന ഡി.കെ.സി.സി.യുടെ രക്ഷാധികാരിയായ ഫാ. ചാക്കോ വണ്ടൻകുഴി കെ.സി.സി.എൻ.എ. പ്രസിഡന്റിന് അയച്ചുകൊടുക്കുകയും ഇതനുസരിച്ച് സെപ്റ്റംബർ 15 നുള്ളിൽ പുതുതായി 9 പ്രതിനിധികളെ കെ.സി.സി.എൻ.എ. യിൽനിന്നും ഡി.കെ.സി.സി.യിലേക്ക് തെരഞ്ഞെടുത്തയക്കണം എന്നും ആവശ്യപ്പെട്ടു. ഓഗസ്റ്റ് 21-ാം തീയതി ചിക്കാഗോയിൽവെച്ച് നടന്ന കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ മീറ്റിംഗ് ഈ ആവശ്യം ചർച്ച ചെയ്തു. പുതിയ ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ കെ.സി.സി.എൻ.എ.യെയും അതിലെ കെ.സി.എസ്. ഉൾപ്പെടെയുള്ള അംഗസംഘടനകളെയും നേരിട്ടോ അല്ലാതെയോ എങ്ങനെയൊക്കെ ബാധിക്കും എന്ന കാര്യത്തിൽ ആശയക്കുഴപ്പം ഉണ്ടായതിനാൽ ഇതിനെക്കുറിച്ച് അതിരൂപതാ നേതൃത്വത്തോടും, ലോക്കൽ അസോസിയേഷനുകളോടും ചർച്ച ചെയ്ത് അഭിപ്രായ സമന്വയത്തിൽ എത്താനായി അടുത്ത നാഷണൽ കൗൺസിൽ നടക്കുന്ന ദിവസം വരെ, ഏതാണ്ട് 6 മാസക്കാലം സാവകാശം ആവശ്യപ്പെടുവാൻ ചിക്കാഗോ നാഷണൽ കൗൺസിൽ ഐകകണ്ഠേന തീരുമാനിക്കുകയും, ഇക്കാര്യം അഭിവന്ദ്യ പിതാക്കന്മാരെ സെപ്റ്റംബർ 15-ാം തീയതിക്കുള്ളിൽ തന്നെ അറിയിക്കുവാൻ എക്സിക്യൂട്ടീവിനെ ചുമതലപ്പെടുത്തുകയുമാണുണ്ടായത്.

ഈ വിഷയത്തിൽ നിലവിൽ ഇതാണ് കെ.സി.എസ്. ചിക്കാഗോയുടെയും നിലപാട്. വരുന്ന ഡിസംബറിൽ നടക്കുന്ന കെ.സി.എസ്. പൊതുയോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്ത് ചിക്കാഗോയില ക്നാനായ സമൂഹത്തിന്റെ അഭിപ്രായം ബന്ധപ്പെട്ട വരെ അറിയിക്കുവാനാണ് തീരുമാനം. നാല് തലമുറകളിൽപ്പെട്ട 6000 ലധികം ആളുകളും വൈദീകരും സന്യസ്തരും ഒക്കെയായി നാളിതുവരെ തികഞ്ഞ ഐക്യത്തിലും സമാധാനത്തിലും കഴിഞ്ഞുപോകുന്ന പ്രവാസി ക്നാനായ തറവാടാണ് ചിക്കാഗോ. ഈയൊരന്തരീക്ഷം നിലനിർത്താൻ കെ.സി.എസ്. ചിക്കാഗോ പ്രതിജ്ഞാബദ്ധമാണ്. ലോകമെമ്പാടുമുള്ള ക്നാനായ സംഘടനകൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാനല്ല മറിച്ച് പരസ്പര സഹരണം ഊട്ടിയുറപ്പിക്കാൻ ഡി.കെ.സി.സി.ക്ക് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

ആഘോഷരാവായി യുവജനവേദിയുടെ കൊറോണം 2021

ഈ വർഷത്തെ തിരുവോണ ആഘോഷങ്ങളും മുൻകാല യുവജനവേദി പ്രവർത്തകരുടെയും കുടുംബാംഗങ്ങളുടെയും സംഗമവും സെപ്റ്റംബർ 19 -ാം തീയതി 'കൊറോണം 2021' ക്നാനായ സെന്ററിൽ വച്ച് നടന്നു. 125 ലധികം യുവജങ്ങളുടെ പങ്കാളിത്തമുണ്ടായ 'കൊറോണം' ചെണ്ട മേളവും, മാവേലി എഴുന്നള്ളത്തും, പൂക്കളവും, ഓണസദ്യയും, ഡാൻസും, പാട്ടുമൊക്കെയായി ഒരു ആഘോഷ രാവായി മാറി. പ്രസിഡന്റ് ജുവാൻ ഒറ്റതെക്കൽ, വൈസ് പ്രെസിഡന്റ് മാരായ ടോം പുത്തൻപുരക്കൽ, അലീന മച്ചാത്തിൽ, സെക്രെട്ടറി ഗ്രീഷ്മ കീപ്പാറപുത്തൻപുരക്കൽ, ട്രെഷറർ ഐസക് കേളചന്ദ്ര, ജോ സെക്രട്ടറി ആനി മാലിക്കാപറമ്പിൽ, ഡയറക്റ്റർമാരായ നിഖിൽ തേക്കിലക്കാട്ടിൽ, അജോമോൻ പൂത്തുറയിൽ, നീതു പാണ്ടവത്ത് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

കെ.സി.എസ്. ഓണാഘോഷം ചിത്രങ്ങളിലൂടെ...

Introducing the Newly Weds from the Chicago Knanaya Community

MERLIN PUTHENPURACKAL & JOMY KAIPPARETTU

DON & ANJALINA ALUMKAL

STEPHEN & ELSHIBA KANDARAPPALLIL

ASHLEY PUTHENPURAYIL & JOE PADIKKAPARAMBIL

JAMIE & MEKHA MUTHOLAM

MERRIL CHOLLAMBEL & MERVIN MOODIKALLEL

SELWYN POOTHAKARY & JAIMIE PERIKALATHIL

PRINCETON & ANCY JOHN ALAPPAT

ALEX & GEORGEENA PUTHENPURAYIL

TOBIN & MICHELLE INDIKUZHY

SIMMY CHEMMACHEL & SHIJU VAZHAKALAYIL

TOBIN & LINDA POOTHAKARY

Introducing the Newly Weds from the Chicago Knanaya Community

CYNTHIA NEDIYAKALAYIL & JAKE MALIKA

LUCAS & ALBEY CHEMMACHEL

JAISON & NEETHU AIKKARAPARAMBIL

JEFFRIN & NINJU THIRUNELLIPARAMBIL

SABBIN CHEMMACHEL & MICHELLE MARAMANGALAM

TOBIN & ALEENA KANDARAPPALLIL

MOHIN & ALBY MAMMOOTTIL

JASMINE PUTHENPURAYIL & BIJU KUNNUPARAMPIL

ANISH & JIBY AREECHIRAIL

ADERSH & NAMITHA KIZHAKKEVALAYIL

MAIJO & NAYANA NJARALAKKATTUKUNNEL

GEO &NEEMA CHEMMACHEL

One of the things we all love about our Knanaya Community in Chicago is our ability to host big events and gather together on a regular basis. While this was certainly challenged over the past year with the COVID pandemic, KCYL Chicago stayed active and stronger than ever. The KCYL Executive Board has worked hard to organize fun and creative activities to unite our members during these tough times, while keeping everyone's safety and current restrictions in mind.

This summer, we ran the first ever KCYL Paranoia Tournament: a friendly and exciting toy Nerf gun competition with 12 teams of KCYL members. Between June and August, these teams did whatever it took–ran through parking lots, waited in front of houses, hid inside movie theaters, snuck up on people after work– to shoot and eliminate their opponents. After 2 months of close competition and great memories, the tournament ended with the first place team (Timmy Kaithakkathottiyil, Royce Perikalathil, Benedict Thirunelliparambil, Matthew Poothurail, Mathew Maplet) winning the $200 prize and the second place team (Ansel Mullappallil, Christian Chelackal, Abin Poothurail, Nathan Puramadathil, Jacob Ottathycal) winning the $100 prize. Also,

Solomon Edat

a huge thanks goes out to our sponsors: Joycemon & Sonu Puthenpurayil, Joby & Manjiri Thekkunilkunnathil, Maneesh & Reenu Kaimulayil, Anish & Carol Chittalakattu, Febin & Jeena Mattathil, and Vipin & Bini Chalungal. We were blown away by the success of this event and are so excited to host it again next summer!

KCYL also hosted its very first Color Wars picnic on August 14th. It was a great day filled with fun, games, and great food for the Knanaya youth of Chicago before the next school year began. With Seniors wearing orange, Juniors wearing blue, Sophomores wearing green, and Freshman wearing Red, it was great to see each grade compete against each other in a series of games, such as volleyball, football, tug of war, etc. We want to thank the 70+ kids in total who attended and made it a success!

In addition, KCYL Chicago provided opportunities for members to interact even when they were stuck at home with its National 2K21 Tournament in May. About 50 participants nationwide competed against each other online playing the basketball video game, NBA 2K21. The tournament included both XBOX and PlayStation divisions with $300 First Place and $100 Runner-Up prizes for each. We would like to sincerely thank Nimmy Thuruthuvelil and Pravasi Cart, our first and second place sponsors, for their support with this event. Additionally, a huge thanks to KCYLNA and all the local KCYL boards across the country for their help in promoting the event.

KCYL members volunteered to support the KCS Kna Escape 2021 kids summer camp as well. Over the 3 days of the camp, there were around 30 KCYL volunteers. We helped coordinate many activities and made sure that the kids enjoyed their time at the camp. We were very happy to help out KCS with this great initiative!

Lastly, KCYL wanted to recognize all the hard work and dedication that our high school graduates put in toward the next chapter of their life. This year, 14 Seniors from Sacred Heart Church, 53 seniors from St. Mary's Church, and many other Knanaya students from all over Chicagoland graduated and committed to college! We have also put together a list below of graduates with their majors/colleges for younger KCYL members going through the college admission process to see. This way, they can network with Knanaya youth that are attending the schools or programs they are applying to and reach out with questions. Also, if any high school graduates did not get a chance to put their information in the spreadsheet, please contact the KCYL Board and we will be happy to add them on.



ഗതകാലപ്രൗഢി ഉണർത്തി കെ.സി.എസ്. പിക്നിക്

കെ.സി.എസ്. ചിക്കാഗോ ഒരുക്കുന്ന പിക്നിക്കുകളും ഫൊറോന അടിസ്ഥാനത്തിൽ നടത്തുന്ന ഒളിമ്പിക്സും എക്കാലവും വലിയ ആഘോഷമായിരുന്നു. കോവിഡ് പൂർണ്ണമായും വിട്ടുമാറിയിട്ടില്ലാത്ത പശ്ചാത്തലത്തിൽ മുൻകാലങ്ങളിലേതുപോലെ മത്സരങ്ങളും പിക്നിക്കും പ്രത്യേകമായി നടത്തുവാനുള്ള സാഹചര്യം ഇല്ലാ എങ്കിലും, ഒരിക്കൽക്കൂടി മുടക്കംവരരുത് എന്ന ആഗ്രഹത്താൽ ഇരുപരിപാടികളും സംയുക്തമായി ഓഗസ്റ്റ് 1-ാം തീയതി മോർട്ടൻഗ്രോവിലുള്ള സെന്റ് പോൾ വുഡ്സിൽ വച്ച് നടത്തപ്പെട്ടു. ബാർബിക്യുവും, ബോൾഗെയിമുകളും, വടംവലിയും, കുട്ടികളുടെ മത്സരങ്ങളും ഒക്കെയായി ഗതകാല പ്രൗഢിയോടെ തന്നെ വലിയ ജനപങ്കാളിത്തത്തോടെയായിരുന്നു ഈ വർഷത്തെ പിക്നിക്.

ആദരാഞ്ജലികൾ

Fr. James Kudilil

Mariakutty Poothakary

Annamma John Thottichira

Annakkutty Panangat

E.T. Philip Ezharvelil

Alexander Kaduthodil

Rajan Kudilil

Tharamma Kallidukkil

Thresiamma Ottathikkal

കെ.സി.എസ്. പ്രത്യേക സോഷ്യൽ ബോഡിയോഗം ഒക്ടോബർ 17 ന്

ചിക്കാഗോയിൽ ഉള്ള നമ്മുടെ പ്രഥമ കമ്മ്യൂണിറ്റി സെന്റർ വിൽപ്പനയ്ക്കായി ലിസ്റ്റ് ചെയ്തിരിക്കുന്ന വിവരം ഏവർക്കും അറിവുള്ളതാണല്ലോ. വളരെ അനുകൂലമായ ചില ഓഫറുകൾ നമുക്ക് ഇതിനകം ലഭിച്ചിരിക്കുന്ന വിവരം ഇതിനാൽ ഏവരെയും അറിയിക്കട്ടെ. വിൽപ്പന സംബന്ധിച്ച അന്തിമതീരുമാനം എടുക്കുന്നതിനായി കെ.സി.എസ്. സോഷ്യൽബോഡിയുടെ ഒരു യോഗം ഒക്ടോബർ 17-ാം തീയതി ഡസ്പ്ലെയ്ൻസ് ക്നാനായ സെന്ററിൽവെച്ച് നടക്കും. മിഡ്വെസ്റ്റിൽ താമസിക്കുന്ന ക്നാനായക്കാരായ ആർക്കും കെ.സി.എസ്. അംഗത്വത്തിന് അർഹത ഉണ്ട് എന്നിരിക്കിലും, കെ.സി.എസ്. സോഷ്യൽ ബോഡിയിൽ അംഗമാകുന്നതിന് സംഘടനയുടെ $500 മൂല്യമുള്ള ഒരു ഷെയർ എങ്കിലും വാങ്ങിയിരിക്കണം. തീരുമാനം എടുക്കുന്നതിനായി ഒരു തെരഞ്ഞെടുപ്പ് ആവശ്യമായി വന്നാൽ, യോഗത്തിൽ പങ്കെടുക്കുന്നവർക്ക് സ്വന്തമായുള്ള ഷെയറുകളുടെ അടിസ്ഥാനത്തിലായിരിക്കും വോട്ട്. ഉദാഹരണത്തിന് 1 ഷെയർ സ്വന്തമായുള്ള അംഗത്തിന് ഒരു വോട്ടും, 10 ഷെയർ സ്വന്തമായുള്ള അംഗത്തിന് 10 വോട്ടിനുമുള്ള അവകാശം ലഭിക്കുന്ന വിധത്തിലാണ് കെ.സി.എസ്. ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്.

ക്നാനായ സെന്റർ നവീകരണം പുരോഗമിക്കുന്നു

(ഒന്നാം പേജിൽനിന്നും തുടർച്ച)

നാവശ്യമായ പണം കണ്ടെത്തുവാൻ സാധിക്കുമോ എന്ന ആശങ്ക ഉണ്ടായിരുന്നു എങ്കിലും ഇത്തവണയും നമ്മുടെ ആളുകൾ കൈയയച്ചു സഹായിച്ചു എന്നത് തെല്ലും അത്ഭുതപ്പെടുത്തുന്നില്ല. അവരെ അംഗീകരിക്കാതെ പോയാൽ അത് നന്ദികേടാകും എന്ന് മാത്രം. കൂടുതൽ സുമനസ്സുകൾ സഹായിക്കാൻ തയ്യാറായി മുന്നോട്ടുവരികയാണെങ്കിൽ നമുക്കും വരുംതലമുറകൾക്കും ഉപയോഗപ്രദമായ ഒരു അസറ്റ് ആക്കി ക്നാനായ സെന്ററിനെ മാറ്റുവാൻ ഈ എക്സിക്യൂട്ടീവ് പ്രതിജ്ഞാബദ്ധരാണ്.





ജോയ് ചെമ്മാച്ചേൽ കർഷകശ്രീ പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു

മണ്ണിൽ പൊന്നുവിളയിക്കുന്ന പ്രവാസി ക്നാനായ കർഷകരെ ആദരിക്കുന്നതിനായി കെ.സി.എസ്. ചിക്കാഗോ ഏർപ്പെടുത്തിയിരിക്കുന്ന കർഷകശ്രീ പുരസ്ക്കാരത്തിന് 2021 ൽ ബേബി & ജെസ്സി മാധവപ്പള്ളിൽ അർഹരായി. റ്റാജി പാറേട്ട് രണ്ടാംസ്ഥാനത്തിനും, ജോയ് & ഗ്രേസി വാച്ചാച്ചിറ മൂന്നാം സ്ഥാനത്തിനും അർഹരായപ്പോൾ ബാബു പെരികലത്തിൽ പ്രത്യേക പുരസ്ക്കാരത്തിനും അർഹനായി. ഓണാഘോഷങ്ങളോടനുബന്ധിച്ച് നടന്ന സമ്മേളന മദ്ധ്യേ മുൻ കെ.സി.എസ്. പ്രസിഡന്റും വാണിജ്യ കർഷകനും ആയിരുന്ന ജോയ് ചെമ്മാച്ചേലിന്റെ ഓർമ്മയ്ക്കായി ഏർപ്പെടുത്തിയിരിക്കുന്ന ട്രോഫികളും ക്യാഷ് അവാർഡും കെ.സി.സി.എൻ.എ. പ്രസിഡന്റ് സിറിയക് കൂവക്കാട്ടിൽ വിതരണം ചെയ്തു. ലൂക്കോസ് & ജിജി ചെമ്മാച്ചേൽ, സഖറിയാസ് ചേലയ്ക്കൽ, കുര്യൻ നെല്ലാമറ്റം, സ്ലൂബി പുറക്കാട്ട് എന്നിവരാണ് യഥാക്രമം വിജയികൾക്കുള്ള ക്യാഷ് അവാർഡുകൾ സ്പോൺസർ ചെയ്തത്. ജിനോ കക്കാട്ടിൽ, മാത്യു ഇടുക്കുതറയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ജഡ്ജിംഗ് പാനൽ ആണ് കൃഷിത്തോട്ടങ്ങൾ സന്ദർശിച്ച് വിജയികളെ തെരഞ്ഞെടുത്തത്.

സഭാ വിഷയത്തിൽ ടൗൺഹാൾ മീറ്റിംഗ് നടത്തി

കോട്ടയം അതിരൂപതാ അംഗത്വവുമായി ബന്ധപ്പെട്ട് അടുത്ത കാലങ്ങളിൽ വന്നിരിക്കുന്ന ആശങ്കാജനകമായ വിധികളുടെ പശ്ചാത്തലത്തിൽ, ഈ വിഷയം ചർച്ച ചെയ്യുന്നതിനായി കെ.സി.എസ്. പ്രസിഡന്റ് തോമസ് പൂതക്കരിയുടെ അദ്ധ്യക്ഷതയിൽ ജൂലൈ 25 ന് ഒരു ടൗൺഹാൾ മീറ്റിംഗ് സംഘടിപ്പിക്കുകയുണ്ടായി. സമുദായത്തിന്റെ നിലനിൽപ്പിനുതന്നെ വെല്ലുവിളി ഉയർത്തുന്നതാണ് കോടതിയുടെ വിധിയെന്നു വിലയിരുത്തിയ യോഗം വിധി തിരുത്തുവാനുള്ള ശ്രമങ്ങളിൽ കെ.സി.എസ്. നേരിട്ട് പങ്കാളികളാകണമെന്ന് ഐകകണ്ഠേന നിർദ്ദേശിച്ചു. അടുത്ത കെ.സി.എസ്. പൊതുയോഗത്തിൽ ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണമെന്ന് നിർദ്ദേശമുണ്ടായി. യോഗത്തിൽ കെ.സി.സി.എൻ.എ. പ്രസിഡന്റ് സിറിയക് കൂവക്കാട്ടിൽ മുഖ്യപ്രഭാഷണം നടത്തി. കോടതി നടപടികളിൽ നേരിട്ട് കക്ഷി ചേരാൻ പ്രവാസി ക്നാനായക്കാർക്കും അവരെ പ്രതിനിധാനം ചെയ്യുന്ന സംഘടനകൾക്കും വളരെയേറെ പരിമിതികൾ ഉള്ളതിനാൽ, നാട്ടിലുള്ള സമാന നിലപാടുകളുള്ള ക്നാനായക്കാർവഴി നടപടികളിൽ പങ്കുചേരുവാനും സഭാ വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച അഭിഭാഷകരുടെ സേവനം ഉറപ്പുവരുത്തുവാനും ഉള്ള ശ്രമങ്ങൾ ആണ് ഇപ്പോൾ നടക്കുന്നതെന്നും സിറിയക് അറിയിച്ചു.

യുവജനസാഗരമായി മാറിയ നാഷണൽ സ്പോർട്സ് ടൂർണ്ണമെന്റ്

(ഒന്നാം പേജിൽനിന്നും തുടർച്ച)

നടന്നപ്പോൾ നൂറുകണക്കിന് ആളുകളാണ് മത്സരം വീക്ഷിക്കാൻ എത്തിയത്. 2010 ൽ സിറിയക് കൂവക്കാട്ടിൽ കെ.സി.എസ്. പ്രസിഡന്റായിരിക്കുമ്പോഴാണ് ആദ്യ ടൂർണ്ണമെന്റ് നടന്നതെങ്കിൽ രണ്ടാം വട്ടം സിറിയക്കിന്റെ നേതൃത്വത്തിൽ ഉള്ള കെ.സി.സി.എൻ.എ. എക്സിക്യൂട്ടീവാണ് ടൂർണ്ണമെന്റ് സംഘടിപ്പിച്ചത്. വോളിബോളിൽ ചിക്കാഗോ ടീം ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയപ്പോൾ ബാസ്ക്കറ്റ്ബോളിൽ ഹൂസ്റ്റൺ കിരീടമണിഞ്ഞു. വോളിബോളിൽ ഈസ്റ്റകോസ്റ്റ് ടീമും ബാസ്ക്കറ്റ് ബോളിൽ ചിക്കാഗോയും രണ്ടാംസ്ഥാനത്തെത്തി. വോളിബോളിൽ ഷാൻ കദളിമറ്റവും, ബാസ്ക്കറ്റ്ബോളിൽ ജേക്കബ് മഠത്തിൽത്താഴെയും എം.വി.പി. ആയി തെരഞ്ഞെടുക്കപ്പെട്ടു.

ടൂർണ്ണമെന്റിന്റെ ഉദ്ഘാടനം സ്റ്റേറ്റ് സെനറ്റർ റാം വില്ലിവാളവും, സമ്മാനദാനം ബ്രൂക്ക്ഫീൽഡ് പോലീസ് ചീഫ് മൈക്കിൾ കുരുവിളയും നിർവഹിച്ചു. കെ.സി.എസ്. ചിക്കാഗോ ആതിഥേയത്വം വഹിച്ച ടൂർണ്ണമെന്റിന് ലിൻസൺ കൈതമല ചെയർമാനും, ജസ്റ്റിൻ തെങ്ങനാട്ട് കൺവീനറുമായുള്ള വിവിധ കമ്മറ്റികളും, കെ.സി.വൈ.എൽ. ചിക്കാഗോ ബോർഡും നേതൃത്വം നൽകി.

ഗൃഹാതുരത്വം ഉണർത്തി കെ.സി.എസ്. ഓണാഘോഷങ്ങൾ

(ഒന്നാം പേജിൽനിന്നും തുടർച്ച)

ന്റെയും കെ.സി.ജെ.എൽ. ന്റെയും കുട്ടികളും കലാവിരുന്ന് തീർത്തു. സാബു ഇലവുങ്കലും, ജയ്റോസ് പതിയിലും ചേർന്ന് കോർഡിനേറ്റ് ചെയ്ത് സ്റ്റേജിൽ എത്തിച്ച ഗാനമേള ആസ്വാദകരെ അർദ്ധരാത്രി വരെ പിടിച്ചിരുത്തി.

ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിഡന്റ് തോമസ് പൂതക്കരിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം കെ.സി.സി.എൻ.എ. പ്രസിഡന്റ് സിറിയക് കൂവക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. എഴുത്തുകാരിയും സാമൂഹിക പ്രവർത്തകയുമായ ഡോ. ശകുന്തള രാജഗോപാൽ മുഖ്യാതിഥിയായിരുന്നു.